**Deshabimani**
**13 July 2018**
**Kumali, Mullaperiyar  Dam Increase in water Level**



# മുല്ലപ്പെരിയാർ; ജലനിരപ്പ് 124.3 അടി

**കുമളി**

മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 124.3 അടിയായി ഉയർന്നു. ബുധനാഴ്ചയിത് 123.5 അടിയായിരുന്നു. അണക്കെട്ടിലേക്ക് സെക്കൻഡിൽ 3121 ഘനയടി വെള്ളമാണ് ഒഴുകിയെത്തുന്നത്. തമിഴ്നാട് 1289 ഘനയടി വെള്ളം കൊണ്ടുപോകുന്നുണ്ട്.

മൂന്ന് പെൻസ്റ്റോക്ക് പൈപ്പ് വഴി 1200 ഘനയടി വെള്ളം ഒഴുക്കി ലോവർക്യാമ്പ് പവർ ഹൗസിലെ മൂന്ന് ജനറേറ്ററുകൾ പ്രവർത്തിച്ച് 110 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കുന്നുണ്ട്. ഇറച്ചൽപാലം കനാൽ വഴി സെക്കൻഡിൽ 89 ഘനയടി വെള്ളവും കൊണ്ടുപോകുന്നുണ്ട്.

വ്യാഴാഴ്ച രാവിലെ ആറ് വരെയുള്ള 24 മണിക്കൂറിനകം മുല്ലപ്പെരിയാർ അണക്കെട്ട് പ്രദേശത്ത് 28.4 മില്ലീമീറ്ററും തേക്കടിയിൽ 21.8 എംഎംഉം മഴപെയ്തു. വ്യാഴാഴ്ചയും അണക്കെട്ടിന്റെ വൃഷ്ടിപ്രദേശങ്ങളിൽ മഴ തുടരുന്നതിനാൽ ഇനിയും ജലനിരപ്പ് ഉയരാനാണ് സാധ്യത.